പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137 | 21.01.2014 ൽ മറുപടിയ്ക്ക് |
| 'ഷീ ടാക്സി' പദ്ധതി | |
| ചോദ്യം | ഉത്തരം |
| ശ്രീ. ഷാഫി പറമ്പിൽ<br>" അൻവർ സാദത്ത്<br>" പി. എ. മാധവൻ<br>" എ. റ്റി . ജോർജ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) 'ഷീ ടാക്സി' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. ലിംഗസമത്വം എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ജെന്റർ പാർക്കിന്റെ നൂതന സംരംഭമാണ് ഷീ ടാക്സി. വനിതകളുടെ ഉടമസ്ഥതയിലുള്ളതും വനിതകൾ തന്നെ ഓടിക്കുന്നതുമായ ഷീ-ടാക്സികൾ 2013 നവംബർ 19ന് നിരത്തിലിറക്കിയിട്ടുണ്ട്. സംസ്ഥാന വനിതാ വികസന കോർപ്പറേഷനും, മാരുതി സുസുക്കി ലിമിറ്റഡും, ടെക്നോപാർക്ക് കേന്ദ്രീകരിച്ചിട്ടുള്ള റെയ്ൻ കൺസേർട്ട് ടെക്നോളജിയുമായി സഹകരിച്ചാണ് ജെന്റർ പാർക്ക് ഈ പദ്ധതി നടപ്പിലാക്കുന്നത്. വനിതകൾക്കായി വനിതകൾ തന്നെ നടത്തുന്ന security- enabled safe ടാക്സി സർവ്വീസ് എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. ഇതിനായി സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴിയാണ് ഇപ്പോൾ വായ്പാ,സൗകര്യം ലഭ്യമാക്കിയിരിക്കുന്നത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സ്ത്രീകൾക്ക് സുരക്ഷിത യാത്രയ്ക്ക് അവസരമൊരുക്കുന്നതിനായി പ്രത്യേകം രൂപകല്പന ചെയ്ത സംവിധാനമാണ് ഷീ ടാക്സി. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനോടൊപ്പം വനിതാ സംരംഭകത്വത്തേയും അതുവഴി സ്വയംതൊഴിൽ കണ്ടെത്താൻ താത്പര്യപ്പെടുന്ന വനിതകളെ പ്രോത്സാഹിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |

| | |
|---|---|
| (സി) സ്ത്രീകളുടെ സുരക്ഷിത യാത്രയ്ക്ക് അവസരമൊരുക്കുന്നതിനും താല്പര്യമുള്ള സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ; | (സി) ഷീ ടാക്സിയുടെ വനിതാ ഡ്രൈവർമാർക്കു യാത്രക്കാർക്കും ഒരുപോലെ സുരക്ഷ ഉറപ്പാക്കാനുതകുന്ന വിവിധ സുരക്ഷാ ക്രമീകരണങ്ങൾ വാഹനത്തിലുണ്ട്. കാറിനുള്ളിൽ ഡ്രൈവർക്കും യാത്രക്കാർക്കും അടിയന്തിര സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള അലർട്ട് സ്വിച്ചുകളും, ഡ്രൈവർമാരുടെ മൊബൈലിൽ പ്രത്യേക സുരക്ഷാ ആപ്ലിക്കേഷനും, ജി.പി.എസ് വഴി കൺട്രോൾ റൂമിൽ നിന്നും ടാക്സിയെ നിരീക്ഷിക്കാനുള്ള vehicle tracking system എന്നീ സംവിധാനങ്ങളും നിലവിലുണ്ട്. നഗരത്തിലെ എല്ലാ അത്യാഹിത സേവന വിഭാഗങ്ങളുടെയും പൊതുസുരക്ഷാ ഉദ്യോഗസ്ഥരുടെയും വിശദാംശങ്ങൾ വാഹനത്തിൽ യാത്രക്കാർക്കായി പ്രദർശിപ്പിക്കുന്നതാണ്. മികച്ച ഡ്രൈവിങ്ങിനുള്ള പരിശീലനത്തിനൊപ്പം വനിതാ ഡ്രൈവർമാർക്കു സ്വയംരക്ഷയ്ക്കുള്ള പരിശീലനവും നൽകിയിട്ടുണ്ട്.<br>വനിതകൾക്ക് വേണ്ടി വനിതകൾ തന്നെ നടത്തുന്ന ഈ പദ്ധതി വഴി താൽപര്യമുള്ള സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള അവസരമാണ് ലഭിക്കുന്നത്. സ്ത്രീകൾക്ക് സ്വന്തമായി വാഹനം വാങ്ങിക്കുന്നതിനായി വനിതാ വികസന കോർപ്പറേഷൻ വഴിയാണ് ഇപ്പോൾ കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. |
| (ഡി) പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഈ പദ്ധതിയുടെ ആദ്യഘട്ടം തിരുവനന്തപുരത്താണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അടുത്ത ഘട്ടമായി എറണാകുളം, കോഴിക്കോട് ജില്ലകളിലും ഉടൻ തന്നെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. അതിനുശേഷം പദ്ധതിയുടെ വിജയത്തിനനുസരിച്ച് ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് ഘട്ടംഘട്ടമായി വ്യാപിപ്പിക്കുവാൻ ആലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ